1. പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഭവനങ്ങളുടെ പരമാവധി വിസ്തീർണ്ണം എത്രയാണ്?

പരമാവധി 60 സ്ക്വ.മീ. കാർപ്പറ്റ് ഏരിയ വിസ്തീർണ്ണമുള്ള വീടുകളാണ് പി.എം.എ.വൈ പദ്ധതി പ്രകാരം നിർമ്മിക്കാവുന്നത്. ഇതിൽ 30 സ്ക്വ.മീ വരെ നിർമ്മിക്കുന്നതിന് മാത്രമേ കേന്ദ്രസർക്കാറിന്റെ സാമ്പത്തികസഹായം ലഭിക്കുകയുള്ളൂ.

2. പദ്ധതി ഗുണഭോക്താവാകാൻ ആവശ്യമായ ഭൂമിയുടെ കുറഞ്ഞ വിസ്തീർണ്ണം എത്രയാണ്?

കുറഞ്ഞത് 1 സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള (ആധാരമോ, പട്ടയമോ,കൈവശാവകാശമോ) ഗുണഭോക്താവിന് പദ്ധതി ഗുണഭോക്താവാകാവുന്നതാണ്.

3. പദ്ധതി ഗുണഭോക്താവാകുന്നതിനുള്ള മാനദണ്ഡം എന്തൊക്കയാണ്?

പദ്ധതിയുടെ നാലാം ഘടകമായ ഗുണഭോക്തൃ കേന്ദ്രീകൃത നിർമ്മാണത്തിൽ (വീട് നിർമ്മിക്കാൻ 3 ലക്ഷം രൂപ ലഭിക്കുന്ന പദ്ധതി ഘടകം) ഉൾപ്പെടുന്നതിനുള്ള മാനദണ്ഡം താഴെപറയും പ്രകാരമാണ്.

- ഇൻഡ്യയിൽ ഒരിടത്തും സ്വന്തമായ ഭവനം ഇല്ലാത്ത കുടുംബം
- കുടുംബത്തിന്റെ വാർഷിക വരുമാനം 3 ലക്ഷത്തിൽ താഴെ
- ഒരു സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള കുടുംബം (ആധാരം, പട്ടയം, കൈവശാവകാശം).
- കുറഞ്ഞത് മൂന്ന് വർഷമായി നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബമായിരിക്കണം.

വീട് നിർമ്മിക്കാൻ/വാങ്ങാൻ 6.5% പലിശ സബ്സിഡി ലഭിക്കുന്ന ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി പദ്ധതി ഘടകത്തിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡം,

- കുടുംബത്തിന്റെ വാർഷിക വരുമാനം 6 ലക്ഷത്തിൽ താഴെ (എൽ.ഐ.ജി/ഇ.ഡബ്ല്യൂ വിഭാഗങ്ങൾക്ക്). കുുടുംബത്തിന്റെ വാർഷിക വരുമാനം 18 ലക്ഷത്തിൽ താഴെ (മിഡിൽ ഇൻകം ഗ്രൂപ്പ്)
    - o ഇന്ത്യയിൽ ഒരിടത്തും സ്വന്തമായി വീടില്ലാത്തവർ
    - o കുറഞ്ഞത് മൂന്ന് വർഷമായി നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബം.

4. സർക്കാർ ഉദ്യോഗസ്ഥരെ പദ്ധതി ഗുണഭോക്താവായി പരിഗണിക്കാമോ?

പരിഗണിക്കാം. പദ്ധതി മാനദണ്ഡങ്ങൾ പാലിക്കുന്ന കുടുംബങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥർ ഉണ്ടെങ്കിൽ അവരെ സി.എൽ.എസ്.എസ് പദ്ധതി ഘടകത്തിന്റെ ഗുണഭോക്താവായി പരിഗണിക്കാവുന്നതാണ്.

5. ഭർത്താവിന്റെ പേരിലുള്ള വസ്തുവാണെങ്കിൽ ഭാര്യയെ ഗുണഭോക്താവായി പരിഗണിക്കാമോ?

പരിഗണിക്കാം. പ്രസ്തുത വസ്തുവിൽ ഭാര്യയ്ക്ക് കൂടി അവകാശം നൽകുന്ന സാക്ഷ്യപത്രം (നോട്ടറി അറ്റസ്റ്റ് ചെയ്തത്) ഭർത്താവ് സമർപ്പിക്കേണ്ടതാണ്.

6. സ്വന്തമായി ഒരു വീടുള്ള ഗുണഭോക്താവിന് രണ്ടാമത്തെ വീട് നിർമ്മിക്കാൻ പലിശയിളവോടെ വായ്പ ലഭിക്കുമോ?

ഇല്ല. സ്വന്തമായി വീടില്ലാത്ത കുടുംബത്തിന് വീട് നിർമ്മിക്കുന്നതിന്/വാങ്ങുന്നതിന് മാത്രമേ പലിശയിളവോടെ വായ്പ ലഭിക്കുകയുള്ളൂ.

7. പി.എം.എ.വൈ ഗൈഡ്‌ലൈൻ പ്രകാരം എത്ര വിസ്തീർണ്ണം വരെയുള്ള വീടുകളാണ് വിപുലീകരണത്തിൽ പരിഗണിക്കപ്പെടുന്നത്?

വീടുകളുടെ വിസ്തീർണ്ണം (കാർപ്പെറ്റ് ഏരിയ) 21 ചതുശ്ര മീറ്ററിൽ കുറവുള്ളതായിരിക്കണം. വിപുലീകരണത്തിനുശേഷം വിസ്തീർണ്ണം (കാർപ്പെറ്റ് ഏരിയ) 30 ചതുരശ്ര മീറ്ററിൽ അധികരിക്കുവാൻ പാടുള്ളതല്ല.

8. പി.എം.എ.വൈ പദ്ധതിയുടെ ഗുണഭോക്തൃ കേന്ദ്രീകൃത നിർമ്മാണം (Beneficiary led Construction) എന്ന ഘടകത്തിലുൾപ്പെടുത്തി വീട് റിപ്പയറിംഗ് സാധ്യമാണോ?

അല്ല. വിപുലീകരണം മാത്രമേ സാധ്യമാകുകയുള്ളൂ. വീട് റിപ്പയറും, വീട് നവീകരണവും പദ്ധതിയിൽ അനുവദനീയമല്ല.

9. ഏതെല്ലാം ഘടകങ്ങളാണ് വിപുലീകരണത്തിൽ അനുവദനീയമായിട്ടുള്ളത്?

ഒരു റൂം, ഒരു റൂം + അടുക്കള, ഒരു റൂം + കക്കൂസ്, ഒരു റൂം+കുളിമുറി, ഒരു റൂം+കക്കൂസ്+അടുക്കള

10. പി.എം.എ.വൈ പദ്ധതി പ്രകാരം പുതിയവീട്/വിപുലീകരണത്തിൽ എൻബിസി പ്രകാരം ഓരോ വീടിന്റെയും വിസ്തീർണ്ണവും, വീടിന്റെ നീളം/വീതിയും വിശദമാക്കാമോ?

വീടിന്റെ വിസ്തീർണ്ണവും അനുബന്ധ വിശദാംശങ്ങളും താഴെ ചേർത്തിരിക്കുന്നു.

| **ക്രമ നം.** | **യൂണിറ്റ്** | **കാർപ്പറ്റ് മിനിമം** (ചതുരശ്ര മീറ്റർ) | **നീളം/വീതി** (മിനിമം മീറ്റർ) | **വീടിന്റെ ഉള്ളിന്റെ ഉയരം (മീറ്റർ)** | **റിമാർക്സ്** |
|---|---|---|---|---|---|
| 1. | ഒന്നാമത്തെ (ലിവിംഗ് റൂം) | 9.00 | 2.5 | 2.6 | രണ്ടുമുറികൾ കൂടിയുള്ള വിസ്തീർണ്ണം 15.5 ചതുരശ്ര മീറ്ററിൽ കുറയാൻ പാടില്ല |
| 2. | രണ്ടാമത്തെ (കിടപ്പുമുറി) | 6.5 | 2.10 | 2.60 | |
| 3. | അടുക്കള | 3.3 | 1.3 | 2.60 | |
| 4. | കുളിമുറി | 1.20 | 1.00 | 2.10 | കുളിമുറിയും കക്കൂസും ഒരുമിച്ചാണെങ്കിൽ വിസ്തീർണ്ണം 1.8 ചതുരശ്ര മീറ്ററും, ഉയരം 1.0 മീറ്ററിൽ കുറയുവാനും പാടില്ല. |
| 5. | കക്കൂസ് | 0.90 | 0.90 | 2.10 | |

11. ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി പ്രകാരം ഏതൊക്കെ വിഭാഗത്തിലുള്ളവർക്ക് ലോൺ ലഭിക്കും?

EWS–സാമ്പത്തിക പിന്നോക്ക വിഭാഗം – വാർഷിക കുടുംബ വരുമാനം 3 ലക്ഷം രൂപ വരെ.

LIG–താഴ്ന്ന വരുമാന വിഭാഗം – വാർഷിക കുടുംബ വരുമാനം 3 ലക്ഷം രൂപ മുതൽ 6 ലക്ഷം രൂപ വരെ

MIG 1 – ഇടത്തരം വരുമാന വിഭാഗം – വാർഷിക കുടുംബ വരുമാനം 6 ലക്ഷം രൂപ മുതൽ 12 ലക്ഷം രൂപ വരെ

MIG 2 – ഇടത്തരം വരുമാന വിഭാഗം – വാർഷിക കുടുംബ വരുമാനം 12 ലക്ഷം രൂപ മുതൽ 18 ലക്ഷം രൂപ വരെ

12. ക്രഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം പ്രകാരം അനുവദനീയമായ ഭവനത്തിന്റെ വിസ്തൃതി എത്ര?

| | |
|---|---|
| EWS–സാമ്പത്തിക പിന്നോക്ക വിഭാഗം | – 60 ചതുരശ്ര മീറ്റർ വരെ |
| LIG–താഴ്ന്ന വരുമാന വിഭാഗം | – 30 ചതുരശ്ര മീറ്റർ വരെ |
| MIG 1 – ഇടത്തരം വരുമാന വിഭാഗം | – 90 ചതുരശ്ര മീറ്റർ വരെ |
| MIG 2 – ഇടത്തരം വരുമാന വിഭാഗം | – 110 ചതുരശ്ര മീറ്റർ വരെ |

13. ക്രഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം പ്രകാരം അനുവദിക്കാവുന്ന ലോൺ തുകയും സബ്സിഡിയും എത്ര?

| | | |
|---|---|---|
| EWS–സാമ്പത്തിക പിന്നോക്ക വിഭാഗം | – | 6 ലക്ഷം രൂപ വരെ 6.5% പലിശ സബ്സിഡി |
| LIG–താഴ്ന്ന വരുമാന വിഭാഗം | – | 6 ലക്ഷം രൂപ വരെ 6.5% പലിശ സബ്സിഡി |
| MIG 1 – ഇടത്തരം വരുമാന വിഭാഗം | – | 9 ലക്ഷം രൂപ വരെ 4% പലിശ സബ്സിഡി |
| MIG 2 – ഇടത്തരം വരുമാന വിഭാഗം | – | 12 ലക്ഷം രൂപ വരെ 3% പലിശ |

## സബ്സിഡി

14. ക്രഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം പ്രകാരം അനുവദനീയമായ ലോൺകാലയളവ് എത്ര?

    പരമാവധി 20 വർഷം വരെ

15. ക്രഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം ഏതൊക്കെ കാര്യങ്ങൾക്ക് ലഭിക്കും?

    ❖ പക്കാവീട് നിർമ്മിക്കുന്നതിന്

    ❖ പക്കാവീട്/ഫ്ളാറ്റ് വാങ്ങുന്നതിന്

    ❖ കച്ചാവീടോ അർദ്ധപക്കാവീടോ പക്കാവീട് ആക്കുന്നതിന്

16. ക്രഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം പ്രകാരം അപേക്ഷ നൽകേണ്ടത് ആർക്കാണ്?

    ഗുണഭോക്താവ് സ്ഥിരതാമസമായുള്ള സ്ഥലത്തെ ബാങ്കിൽ

17. അപേക്ഷയോടൊപ്പം എന്തെല്ലാം രേഖകളാണ് ബാങ്കിൽ സമർപ്പിക്കേണ്ടത്?

    ❖ കുടുംബത്തിൽ ആരുടെ പേരിലും ഇന്ത്യയിലൊരിടത്തും പക്കാവീട് ഇല്ലെന്ന് പ്രായപൂർത്തിയായ എല്ലാ കുടുംബാംഗങ്ങളും ചേർന്ന് ഒപ്പിട്ട സത്യവാങ്മൂലം
    ❖ വീടിന്റെ നഗരസഭ അംഗീകരിച്ച പ്ലാനും നിർമ്മാണാനുമതിയും
    ❖ മുൻഗണന ലഭിക്കുന്ന വിഭാഗമാണെങ്കിൽ അതിനുള്ള രേഖ
    ❖ കുടുംബത്തിലെ എല്ലാ മുതിർന്ന അംഗങ്ങളുടെയും കെ.വൈ.സി രേഖയുംഫോട്ടോയും
    ❖ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ
    ❖ നഗരസഭയിൽ നിന്നുള്ള എൻ.ഒ.സി
    ❖ കുടുംബവരുമാനം തെളിയിക്കുന്ന സത്യവാങ്മൂലം

18. ക്രഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീമിന് പ്രോസസ്സിംഗ് ചാർജ് ഗുണഭോക്താവ് നൽകേണ്ടതായുണ്ടോ?

    ❖ 1000 രൂപ (എല്ലാ നികുതിയും ഉൾപ്പെടെ) പ്രോസസ്സിംഗ് ചാർജിനത്തിൽ സർക്കാർ ബാങ്കുകൾക്ക് റീഇംപേഴ്സ് ചെയ്യുന്നതാണ്.

- 6 ലക്ഷം രൂപവരെയുള്ള വായ്പയ്ക്ക് മറ്റ് പ്രോസസ്സിംഗ് ചാർജ് ഇല്ല. എന്നാൽ 6 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പയ്ക്ക് അഡീഷണൽ പ്രോസസ്സിംഗ് ചാർജ്ജ് ഉണ്ട്.
- CERSAI രജിസ്ട്രേഷൻ ഫീസ്, CIBIL റിപ്പോർട്ട്, LSR നുള്ള വക്കീൽ ഫീസ് തുടങ്ങിയവ അപേക്ഷകർ നൽകേണ്ടതാണ്.

19. പി.എം.എ.വൈ യുടെ മറ്റ് ഘടകത്തിൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താവിന് CLSS ന് അർഹതയുണ്ടോ?

ഒരു ഗുണഭോക്താവിന് പി.എം.എ.വൈ യുടെ 4 ഘടകങ്ങളിൽ ഒന്നിൽ നിന്നുമാത്രമേ അർഹതയുള്ളൂ.